മാവേലിക്കര ഡി. ഇ. ഒ. ഓഫീസ്

1011 [1623] ശ്രീ. പി. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഡി. ഇ. ഓഫീസിന്റെ കീഴിൽ ഇപ്പോൾ എത്ര ഗവൺമെന്റ്, പ്രൈവറ്റ് സ്കൂളുകൾ ഉണ്ടെന്ന് പറയാമോ;

(ബി) ഡി. ഇ. ഓഫീസിന്റെ കീഴിലുള്ള ഗവൺമെന്റ് സ്കൂളുകളിൽനിന്നും എത്ര അദ്ധ്യാപകർ പെൻഷൻ പറ്റുന്നുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) ഈ അദ്ധ്യാപകരുടെ ഒഴിവിലേക്ക് സ്ഥലംമാറ്റം കിട്ടാൻ ഇതിനകം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) സ്ഥലംമാറ്റം കൊടുക്കുന്ന കാര്യത്തിൽ ഈ ആഫീസ് നീതി കാണിക്കാറില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സ്ഥലംമാറ്റം നീതിപൂർവ്വം നടത്താൻ വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സ്കൂൾ—166
പ്രൈവറ്റ് സ്കൂൾ—205

(ബി) ഈ വർഷം 40 (നാല്പത്) പേർ

(സി) ഈ വർഷം ഇതുവരെയും അപേക്ഷകൾ കിട്ടിയിട്ടില്ല, എന്നാൽ ഏകദേശം 160 മുൻകൂർ അപേക്ഷകരുണ്ട്.

(ഡി) ഇല്ല.

(ഇ) സ്ഥലം മാറ്റത്തെ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്.

നിർബന്ധിത നിക്ഷേപത്തുക തിരിച്ചു കിട്ടാൻ സമർപ്പിച്ച അപേക്ഷകൾ

1012 [1624] ശ്രീ. പി. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ഡി. ഇ. ഒ. ആഫീസിൽ നിർബന്ധിത നിക്ഷേപത്തുക തിരിച്ചുകിട്ടാൻ നടപ്പുവർഷം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര അപേക്ഷകളിൻമേൽ തീരുമാനം എടുത്തു ;

(സി) എത്ര അപേക്ഷകൾ നിരസിച്ചു ;

(ഡി) നിരസിക്കാനുണ്ടായ കാരണമെന്ത് ;

(ഇ) തീരുമാനമാകാതെ കിടക്കുന്ന അപേക്ഷകളിൽ സത്വരനടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly